<u>**15 -ാം കേരള നിയമസഭ**</u>

<u>**10 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1441**</u> <u>**01-02-2024 - ൽ മറുപടിയ്ക്ക്**</u>

<u>**ചാലക്കുടി ഗവ. മോഡൽ ബോയ്സ് ഹൈസ്കൂളിലെ ഗ്രൗണ്ടിന്റെയും പവലിയന്റെയും നിർമ്മാണം**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ചാലക്കുടി ഗവ. മോഡൽ ബോയ്സ് ഹൈസ്കൂളിൽ ഗ്രൗണ്ടും പവലിയനും നിർമ്മിക്കുന്നതിനായി കായിക യുവജനക്ഷേമ വകുപ്പ് തയ്യാറാക്കിയ ധാരണാപത്രത്തിൽ (എം.ഒ.യു) പൊതുവിദ്യാഭ്യാസ വകുപ്പ് മാറ്റം വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | **ഉണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയും, ഇടപെടലും ഉറപ്പാക്കുന്ന തരത്തിൽ എം.ഒ.യു (MOU) തയ്യാറാക്കുകയാണ് ചെയ്തിട്ടുള്ളത്** |
| (ബി) | എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളതെന്നും ഈ മാറ്റങ്ങൾ വരുത്തിയത് ആരാണെന്നും ഇത്തരത്തിൽ മാറ്റം വരുത്തിയത് എന്തിനാണെന്നും വിശദീകരിക്കുമോ; | (ബി) | **ഗ്രൗണ്ടിന്റെ ഉടമസ്ഥതയിൽ പൊതു വിദ്യാഭ്യാസ വകുപ്പിന്റെ താല്പര്യം മുൻ നിർത്തി ഗ്രൗണ്ടിന്റെ നടത്തിപ്പ് അറ്റകുറ്റപ്പണികൾ, വരുമാനം എന്നിവ സംബന്ധിച്ചാണ് മാറ്റങ്ങൾ വരുത്തിയിട്ടുള്ളത്. പൊതുവിദ്യാഭ്യാസ വകുപ്പിനുവേണ്ടി പൊതുവിദ്യാഭ്യാസ ഡയറക്ടറാണ് ആവശ്യമായ ഇടപെടലുകൾ നടത്തിയിട്ടുള്ളത്.** |
| (സി) | ധാരണാപത്രത്തിൽ മാറ്റം വരുത്തിയിട്ടുള്ളത് പൊതുവിദ്യാഭ്യാസവകുപ്പും കായിക യുവജനക്ഷേമ വകുപ്പും കൂടിയാലോചിച്ചിട്ടാണോ; അല്ലെങ്കിൽ ഏകപക്ഷീയമായി മാറ്റം വരുത്തിയതിന്റെ കാരണം വെളിപ്പെടുത്തുമോ; | (സി) | കായിക യുവജനക്ഷേമ വകുപ്പ് തയ്യാറാക്കി നൽകിയ എം.ഒ.യു വിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ താല്പര്യം സംരക്ഷിക്കുന്നതിനുള്ള കാര്യങ്ങൾ ഉൾപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത് |
| (ഡി) | ധാരണാപത്രത്തിൽ വരുത്തിയിട്ടുള്ള മാറ്റങ്ങൾ കായിക യുവജനക്ഷേമ വകുപ്പ് അംഗീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (ഡി) | സ്കൂൾ ഹെഡ്മാസ്റ്റർ ഒപ്പുവെച്ച എം.ഒ.യു കായിക യുവജന ക്ഷേമ ഡയറക്ടർക്ക് നൽകിയെങ്കിലും ടി കാര്യാലയത്തിൽ നിന്നും മറുപടി ലഭിച്ചിട്ടില്ല. |
| (ഇ) | സംസ്ഥാനത്തെ ഏതൊക്കെ സ്കൂളുകളിൽ ഗ്രൗണ്ട് നിർമ്മാണത്തിനായി പൊതുവിദ്യാഭ്യാസ വകുപ്പും കായിക യുവജനക്ഷേമ വകുപ്പും ധാരണാപത്രങ്ങൾ ഒപ്പ് വച്ചിട്ടുണ്ടെന്നും പ്രസ്തുത ധാരണാപത്രങ്ങളിൽ മേൽ പറഞ്ഞ പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പ് മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ; | (ഇ) | ചാലക്കുടി ഗവ. എച്ച്.എസ്.എസിൽ കായിക യുവജന ക്ഷേമവകുപ്പുമായി ധാരണാപത്രം ഒപ്പുവെയ്ക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. കുന്നംകുളം മോഡൽ ബോയ്സ് ഹൈസ്കൂളിൽ സ്റ്റേഡിയം നിർമ്മിക്കു ന്നതിനുള്ള ധാരണാപത്രം പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പരിശോധനയിലാണ്. |
| (എഫ്) | ചാലക്കുടി ഗവ. മോഡൽ ബോയ്സ് ഹൈസ്കൂളിൽ ഗ്രൗണ്ടും പവലിയനും നിർമ്മിക്കുന്നതിനായി ഒപ്പിടേണ്ട ധാരണാപത്രം സംബന്ധിച്ച് വകുപ്പുകൾ | (എഫ്) | കായിക യുവജനക്ഷേമ വകുപ്പ് തയ്യാറാക്കി നൽകിയ എം.ഒ.യു വിൽ പൊതുവിദ്യാഭ്യാസ വകുപ്പിന് ആവശ്യ മായ കാര്യങ്ങൾ ഉൾപ്പെടുത്തി |

| | | | |
|---|---|---|---|
| | തമ്മിലുള്ള തർക്കം എപ്രകാരം പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | | കായിക യുവജന ക്ഷേമ ഡയറക്ടർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ടി വകുപ്പ് പരിശോധിച്ച് നൽകിയശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ